# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.295 | | 09.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി ബോധവത്ക്കരണം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എം.മുകേഷ്<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.കെ.ജെ.മാക്സി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പ്ലാസ്റ്റിക് മാലിന്യങ്ങളുടെ തോത് കുറയ്ക്കുന്നതിനായി ഒരു പ്രത്യേക കർമ്മപദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പ്രത്യേക കർമപദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ശരിയായ രീതിയിലുള്ള അവബോധം നൽകുന്നതിന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; | (ബി) | ബോധവത്ക്കരണ പരിപാടികൾ നിലവിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (സി) | ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തരംതിരിച്ച് പുനചംക്രമണ വ്യവസായങ്ങൾക്ക് കൈമാറുവാൻ കഴിയും. പ്ലാസ്റ്റിക് പുനചംക്രമണം ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യം സംസ്ഥാനത്തിനകത്ത് തന്നെ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br>എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതികസഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്ക് അവശ്യമായ പ്രോജക്റ്റ് പ്രൊപ്പോസൽ ക്ലീൻ കേരള കമ്പനി എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കും നൽകുന്നതാണ്.<br>സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ കോ-ഓഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവർത്തികളിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ഷ്രെഡ് ചെയ്താണ് റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്ന ടാറിൽ ചേർക്കുന്നത്. ഇവയുടെ വിപണനത്തിന്, |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ്ചെയ്ത് നൽകുന്ന ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക്ക് കിലോക്ക് 15 രൂപ വിലനൽകിയാണ് ക്ലീൻ കേരള കമ്പനി വാങ്ങുന്നത്. ഇപ്രകാരം ലഭിക്കുന്ന ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക്ക് സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് നിർമ്മാണത്തിനായി ലഭ്യമാക്കുന്നു. ഈ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക് പ്രോസ്സസിംഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ